# DIET MALAPPURAM &VIJAYABHERI MALAPPURAM
## SSLC PRE- MODEL EXAMINATION , MARCH 2022
## MALAYALAM
## FIRST LANGUAGE PAPER I (SET -3)

Time:1.1/2 hours Total score :40

================================================================

**നിർദ്ദേശങ്ങൾ**

- 20 മിനിറ്റ് സമാശ്വാസ സമയമാണ്.ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തെരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം
- 1 മുതൽ 24 വരെയുള്ള ചോദ്യങ്ങൾക്ക് ലഭിക്കുക പരമാവധി 40 സ്കോർ ആയിരിക്കും

================================================================

**I പാർട്ട് എ(ഒന്നുമുതൽ ആറു വരെയുള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക 1 സ്കോർ വീതം)**

1."കാവ്യത്തിലെ പാത്രങ്ങൾ കാലപരിണാമമനുസരിച്ച് വൃദ്ധിക്ഷയങ്ങൾ പ്രാപിക്കുന്നു."
അടിവരയിട്ട പദത്തിൻെറ ശരിയായ വിഗ്രഹരൂപം ഏത്? 1

a. വൃദ്ധിയാകുന്ന ക്ഷയം
b. വൃദ്ധിയും ക്ഷയവും
c. വൃദ്ധിയായ ക്ഷയം
d. വൃദ്ധിയെന്ന ക്ഷയം

2."ഭവതിയുടയ പുത്രനെന്നുമേ പോരിൽ മുമ്പൻ 1
ഭുവന ഭരണകർത്താ ഹന്ത! ദുഷ്ഷന്തനിയാൾ
ഇവനുടെ കുലവില്ലാലസ്ത്രകാര്യം നടന്നി-
ട്ടവനു കൊടിയ വജ്രം ഭൂഷണപ്രായമായി" (ഋതുയോഗം)
താഴെ തന്നിരിക്കുന്നവയിൽ ഏത് പ്രത്യേകതയാണ് ദുഷ്ഷന്തനില്ലാത്തത് ?

a.രാജാവാണ്
b.കുലവില്ലുണ്ട്
c.ശത്രുസംഹാരം നടത്തിയിട്ടുണ്ട്
d.വജ്രായുധമുണ്ട്

3. "ഏകുമർഥിയാം പ്രാണിതൻ പ്രിയമൊരിക്കലീശൻ " (പ്രിയദർശനം) 1
നളിനിയുടെ ഈ വാക്കിൽ പ്രകടമാവുന്നത്.

a.തൻെറ ആഗ്രഹം ഒരിക്കൽ സഫലമാകുമെന്ന ചിന്ത
b.ദിവാകരൻ തന്നെ തിരിച്ചറിയില്ലെന്ന ആശങ്ക
c.സന്യാസിനിയായ നളിനിയുടെ അവസ്ഥ
d.തൻെറ ആഗ്രഹം സഫലമാകില്ലെന്ന ബോധം

4."മോഹൈകഹന്ത്രിയായുള്ളതു വിദ്യ കേൾ" (ലക്ഷമണസാന്ത്വനം) 1
വിദ്യയുടെ എന്ത് പ്രത്യേകതയാണിവിടെ തെളിയുന്നത്?

a.വിദ്യ മോഹത്തിനൊപ്പം നിലകൊള്ളുന്നു
b.വിദ്യ മോഹമുണ്ടാക്കുന്നതാണ്
c.വിദ്യ മോഹത്തെ നശിപ്പിക്കുന്നതാണ്
d.വിദ്യ മോഹത്തിൽ നിന്നുണ്ടാവുന്നു.

5"കൊടുത്താൽ മാത്രമേ നേടാനൊക്കൂ അല്ലേ സുധീർ?ഞാൻ ആർക്കും ഒന്നുംകൊടുത്തില്ലല്ലോ."(വിശ്വരൂപം) സംഭാഷണത്തിലൂടെ മിസ്സിസ് തലത്ത് പറയാൻ ശ്രമിക്കുന്നത്? 1

a.കൊടുത്താൽ മാത്രം തിരിച്ചുകിട്ടുന്നതാണ് സുഖവും സമ്പത്തും
b.കൊടുത്താൽ മാത്രം തിരിച്ചുകിട്ടുന്നതാണ് സ്നേഹവും കരുതലും
c.കൊടുത്താൽ മാത്രം തിരിച്ചു കിട്ടുന്നതാണ് പദവിയും അധികാരവും
d.കൊടുത്താൽ മാത്രം തിരിച്ചു കിട്ടുന്നതാണ് ആഢംബരവും പ്രൗഢിയും

6."അപരിചിതരുടെ സ്വരങ്ങൾ കഴുത്തിനു ചുറ്റും പിരിഞ്ഞുമുറുകി."(കടൽത്തീരത്ത്) 1
ഈ വാക്യത്തിലൂടെ സൂചിതമാകുന്നത്?

a.സന്തോഷം
b.പരിഭവം
c.പരിഹാസം
d.സംഘർഷം

**പാർട്ട് ബി**

**(7 മുതൽ 9 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക 1 സ്കോർ വീതം)**

7."ഇക്കൊല്ലം നമ്മൾ സ്പോർട്സിൽ തോറ്റുപോയി.സാരമില്ല,എന്നാൽ ഈ കുട്ടി ലിംബാളെ കാണിച്ച സത്യസന്ധതയുണ്ടല്ലോ അത് ഈ ക്ളാസിൻെറ മുഴുവൻ വിജയമാണ് " (അക്കർമാശി) അധ്യാപൻ ഇങ്ങനെ പറയാൻ കാരണം ? 1

a.വീണുകിട്ടിയ പണം ലിംബാളെ പ്രധാനാധ്യാപകനെ ഏൽപ്പിച്ചതിനാൽ
b.ലിംബാളെ സ്പോർട്സിൽ പങ്കെടുത്തതിനാൽ
c.ലിംബാളെ സത്യം മാത്രം പറയുന്നതിനാൽ
d.ലിംബാളെ സ്ത്രീകളുടെ ചെരിപ്പിട്ട് നടന്നതിനാൽ

8."ഒരൊറ്റ ദിവസത്തെ യാത്രകഴിഞ്ഞുള്ള മടക്കമാണെങ്കിലും ഒരു നൂറ്റാണ്ടിനപ്പുറത്തു നിന്നു വരുന്നതുപോലെ മിറലിന് വീട് അപരിചിതമായയി തോന്നി..." (ഉരുളക്കിഴങ്ങു തിന്നുന്നവർ) 1
മിറലിന് വീട് അപരിചിതമായി തോന്നാൻ കാരണം

a. മഞ്ഞ് വീണ് വീട് നിറം മങ്ങിയതിനാൽ
b.വെളിച്ചമില്ലാത്തതിനാൽ
c.വലിയ മാനസിക സംഘർഷം അനുഭവിക്കുന്നതിനാൽ
d.ആരെയും പുറത്ത് കാണാത്തതിനാൽ

9."വെളുത്ത കൈത്താമര
കൺപോള! ....<u>നിഷാദ</u> നീ " ( മൈക്കലാഞ്ജലോ മാപ്പ്) 1

അടിവരയിട്ട വാക്ക് സംബോധന ചെയ്യുന്നതാരെ?

a.രാക്ഷസൻമാരെ
b.മനുഷ്യവർഗ്ഗത്തെ
c.പിയത്ത തകർത്തവനെ
d.ഭരണവർഗ്ഗത്തെ

**II പാർട്ട് എ**

**(ചോദ്യത്തിന് ഉത്തരം എഴുതുക 2 സ്കോർ)**

10.അർത്ഥവ്യത്യാസം വരാതെ രണ്ട് വാക്യങ്ങളാക്കുക.
" ആ വീടുകൾക്കുമപ്പുറത്ത് പാഴുതറയിലെ അമ്പതിൽ ചില്ല്വാനം കുടികളിലത്രയും ഈ വിഷാദവും സഹാനുഭൂതിയും നിറഞ്ഞു" 2

**പാർട്ട് ബി**
**(11 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക 2 സ്ക്കോർ വീതം)**

11."നിങ്ങൾ കണ്ടോ ശിരസ്സുയർത്തി പായു-
മെൻകുതിരയെ ചെമ്പൻ കുതിരയെ" (അശ്വമേധം)
ചെമ്പൻകുതിര എന്നതു കൊണ്ട് കവി ഉദ്യേശിക്കുന്നത് എന്തെല്ലാമാവാം? രണ്ട് നിരീക്ഷണങ്ങൾ എഴുതുക 2

12."ഘടികാരത്തിൽ നിന്ന് സമയം തുള്ളി തുള്ളിയായി താഴേക്കിറ്റുന്ന ശബ്ദം വീണ്ടും ജൂലിയാനയുടെ കാതിൽ മുഴങ്ങാൻ തുടങ്ങി" (ഉരുളക്കിഴങ്ങ് തിന്നുന്നവർ) 2
വരികളിലെ കാവ്യ ഭംഗി വിശദമാക്കുക

**III പാർട്ട് എ**
**(13 മുതൽ 16 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക 3 സ്കോർ വീതം)**

13."ഈ പ്രസ്താവം കാനൽ ജലം പോലെ ഒടുവിൽ വിഷാദത്തിന് ഇടയാകാതിരുന്നാൽ മതിയായിരുന്നു " (ഋതുയോഗം) സംഭാഷണത്തിൽ നിന്ന് സൂചിതമാകുന്ന ദുഷ്ഷന്തൻെറ മനോവിചാരങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക 3

14."കാലാഹിനാ പരിഗ്രസ്തമാം ലോകവു-
മാലോലചേതസാ ഭോഗങ്ങൾ തേടുന്നു" (ലക്ഷ്മണസാന്ത്വനം)
' ഈ കാഴ്ചപ്പാടിൻെറ സാമൂഹിക പ്രസക്തി വിശദമാക്കുക 3

15."സ്നേഹിതാ ഇനി ഇങ്ങോട്ടു വരുമ്പോൾ നിങ്ങൾക്ക് തോട്ടത്തിലൂടെ കടന്നുപോരണമെന്നില്ല: തെരുവിലേക്കുള്ള വാതിലിലൂടെ തന്നെ വരികയും പോവുകയും ചെയ്യാം. രാത്രിയും പകലും ഒരു നീക്കു നീക്കിയിരിക്കുന്നത് കൂടാതെ അതൊരിക്കലും പൂട്ടിയിടുകയില്ല " (പാവങ്ങൾ) സംഭാഷണത്തിലെ വാതിൽ ദയയുടെയും കാരുണ്യത്തിന്റെയും ബിംബമായി മാറുന്നുണ്ടോ സ്വാഭിപ്രായം രേഖപ്പെടുത്തുക 3

16."നോക്കൂ നമുക്ക് അഞ്ചാമതൊരു കുട്ടി കൂടി ഉണ്ടായിരിക്കുന്നു. ഒരു മകൻ പക്ഷേ ഒരു വ്യത്യാസമുണ്ട് ഇവൻ കുറച്ചുനാൾ നമ്മോടൊപ്പം താമസിക്കും "(വിശ്വരൂപം) ഡോക്ടർ തലത്തിൻെറ വാക്കുകളിൽ തെളിയുന്ന അവരുടെ ജീവിത പരിസരം നിരൂപണം ചെയ്ത് കുറിപ്പു തയ്യാറാക്കുക. 3

**പാർട്ട് ബി**
**(ചോദ്യത്തിന് ഉത്തരമെഴുതുക 3 സ്കോർ)**

17."അവൻ എന്നെ കുഷ്ഠം പിടിച്ച പട്ടിയെപോലെ ആട്ടിപായിച്ചു" (ഞാൻ കഥാകാരനായ കഥ) അമ്മയുടെ ഹൃദയവേദന ഈ വരികളിൽ തെളിയുന്നുണ്ടോ ? വിശദമാക്കുക 3

**IV പാർട്ട് എ**
**(18 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക 4 സ്കോർ വീതം)**

18."സന്യസിച്ചളവുമാസ്ഥയാൽ ഭവാൻ
തന്നെയോർത്തിഹ തപസ്സിൽ വാണുഞാൻ
ധന്യയായ് സദപി കാൺകമൂലമ-
ങ്ങെന്നെയോർക്കുകിലുമോർത്തിടായ്കിലും " (പ്രിയദർശനം) വരികളിൽ തെളിയുന്ന നളിനിയുടെ മനോവികാരങ്ങൾ വിശകലനം ചെയ്ത് കുറിപ്പുതയ്യാറാക്കുക 4

19."വെള്ളായിയപ്പൻെറ കൈപ്പടം പൊതിച്ചോറിലമർന്നു. മകനേ ഈ പൊതിച്ചോറ് നിൻെറ അമ്മ എനിക്കുവേണ്ടി പൊതിഞ്ഞതാണ്. യാത്രയിൽ ഞാൻ അതു കഴിക്കാതെ ഇവിടം വരെ എത്തിച്ചു. ഇനി നിനക്കുതരാൻ എൻെറ കൈയ്യിൽ ഇതുമാത്രമെ ഉള്ളൂ. " (കടൽത്തീരത്ത്) കഥയുടെ അവസാനം പൊതിച്ചോറ് ബലിച്ചോറായി മാറുകയാണല്ലോ.ഇത് കഥയ്ക്കു നൽകുന്ന ഭാവ തീവ്രത വിശദമാക്കി എഴുതുക. 4

20. "അകത്ത് കട്ടിൽ കരയുന്ന ശബ്ദം കേട്ടു.നേരിയ കാൽവെപ്പുകൾ.കതകിൻെറ സാക്ഷ പതുക്കെ നീങ്ങി.നരച്ച ഒരു തല പ്രത്യക്ഷപ്പെട്ടു.കൃശമായ ശരീരം.നെറ്റിയിൽഭസ്മക്കുറി. കഴുത്തിൽ രുദ്രാക്ഷമാല."

"അലങ്കാരങ്ങളുടെ അന്തസ്സും സൽക്കാരത്തിൻെറ ഔചിത്യവും സംഭാഷണ രസികതയും സർവ്വോപരി തലയുയർത്തി പിടിച്ചുള്ള ചടുലമായ അംഗവിക്ഷേപങ്ങളും. ഒരിക്കൽ കണ്ടാൽ മറക്കില്ല. ഔദ്യോഗിക വിരുന്നുകളിലും പൊതു ചടങ്ങുകളിലും വച്ച് ഭാരതീയ സ്ത്രീത്വത്തിൻെറ അംബാസഡർ എന്നു വിളിക്കാറുണ്ടവരെ. " (വിശ്വരൂപം)

മാഡം തലത്തിൻെറ ജീവിതാവസ്ഥകൾ വിശകലനം ചെയ്ത് അവരുടെ സ്വഭാവ സവിശേഷതകൾ നിരൂപണം ചെയ്യുക. 4

**പാർട്ട് ബി**

**(21 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക 4 സ്കോർ )**

21."എത്ര കൊറ്റക്കുടകൾ, യുഗങ്ങളിൽ
കുത്തിനിർത്തിയ മുത്തണികൂണുകൾ
അക്കുളമ്പടിയേറ്റുവീണുപോയ്
അത്രയേറെബ്ഭരണകൂടങ്ങളും! " (അശ്വമേധം)

മനുഷ്യൻെറ സർഗശക്തിയാണ് പുതുചരിത്രങ്ങൾ രചിക്കുന്നത്.കവിതയെ മുൻനിർത്തി പരിശോധിക്കു 4

22."ആ ചരടുകളെല്ലാം കൂടി കെട്ടുപിണഞ്ഞ് ആ കെട്ടുകളിൽ കുരുങ്ങികിടന്ന് എൻെറ ജീവിതം പിടയുന്നു" (ആത്മാവിൻെറ വെളിപാടുകൾ)

വരികളിൽ തെളിയുന്ന ദസ്തേയേവ്സ്കിയുടെ ജീവിതാവസ്ഥ നിരൂപണം ചെയ്ത് കുറിപ്പു തയ്യാറാക്കുക. 4

**V പാർട്ട് എ**

**( 23-24 ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക.5 സ്കോർ )**

23."അപ്പോൾ പാശ്ചാത്യ സാഹിത്യങ്ങളിലെ എപ്പിക്കുകളെപോലെ ചില യുദ്ധവീരൻമാരുടെ പരാക്രമം വർണിപ്പാൻ വേണ്ടിയല്ല നേരെ മറിച്ച് മനുഷ്യ ചരിത്രത്തിൽ യുദ്ധംവരുത്തിവെക്കുന്ന ഭയങ്കര ദുരന്തത്തെ എടുത്തു കാണിപ്പാൻ വേണ്ടിയാണ് ഭാരതേതിഹാസം രചിക്കപ്പെട്ടതെന്നു തീർത്തു പറയാൻ സംശയിക്കേണ്ടതില്ല." (യുദ്ധത്തിൻെറ പരിണാമം) പ്രസ്താവന വിലയിരുത്തി മുഖ പ്രസംഗം തയ്യാറാക്കുക 5

24."ക്രോധം പരിത്യജിക്കേണം ബുധജനം" (ലക്ഷമണ സാന്ത്വനം)

ഉപദേശത്തിൻ കാലിക പ്രസക്തി വിലയിരുത്തി ഉപന്യാസം തയ്യാറാക്കുക 5

********************